# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1134. 21.3.2013 ൽ മറുപടിക്ക്

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഉന്നതവിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉന്നതവിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതെല്ലാം; | (ബി) ഉന്നത വിദ്യാഭ്യാസ വികസനത്തിനായി കമ്മ്യൂണിറ്റി കോളേജ് പദ്ധതി, കേരള സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുക, അക്കാഡമിക് സിറ്റി സ്ഥാപിക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിനായി കൗൺസിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചുവരികയാണ്. നിരവധി ഉപസമിതികൾ സമർപ്പിച്ച റിപ്പോർട്ടുകൾ കൗൺസിലിന്റെ ശുപാർശയോടൊപ്പം സർക്കാരിന് നൽകിയിട്ടുണ്ട്. ബിരുദതല പുനഃസംഘാടനത്തെ സംബന്ധിച്ചുള്ള പ്രൊഫ.ഹൃദയകുമാരി കമ്മിറ്റി, അധ്യാപകേതര ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിച്ച പ്രൊഫ.രവീന്ദ്രനാഥ് കമ്മിറ്റി, ഉന്നത വിദ്യാഭ്യാസ നയരൂപീകരണത്തിനായി നിയോഗിച്ച പ്രൊഫ.തരീൻകമ്മിറ്റി, എന്നിവയുടെ ശുപാർശകൾ ഇതിനകം സർക്കാരിന് സമർപ്പിച്ചു കഴിഞ്ഞു. സ്ഥാപനങ്ങളേയും അദ്ധ്യാപകരേയും മൂല്യനിർണ്ണയം ചെയ്യുന്ന പുതിയ അസ്സസ്മെന്റ് അക്രഡിറ്റേഷൻ |

സംവിധാനം, കോളേജുകൾക്ക് സ്വയംഭരണം, ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ, ഇൻഡസ്ട്രി - ഇൻസ്റ്റിറ്റ്യൂഷൻ ലിങ്കേജ്, അഫിലിയേഷൻ സമ്പ്രദായം തുടങ്ങിയ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങളും ഉപസമിതിയുടെ പരിഗണനാവിഷയങ്ങളാണ്. കമ്മ്യൂണിറ്റി കോളേജുകൾ സ്ഥാപിക്കൽ, സാങ്കേതിക സർവ്വകലാശാല, എന്നീ പദ്ധതികളുടെ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അക്കാഡമിക് സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രാരംഭ ചർച്ചകൾ നടത്തി കഴിഞ്ഞു. ഇത് കൂടാതെ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ പുതിയ പല പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ എമർജിംഗ് കേരള പദ്ധതിയിൽ ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ കോഴ്സുകൾ , തെരഞ്ഞെടുത്ത എഞ്ചിനീയറിംഗ് കോളേജുകളിൽ ആരംഭിച്ചിട്ടുണ്ട്.

വൊക്കേഷണൽ എഡ്യുക്കേഷൻ സാമൂഹികമായി കൂടുതൽ അംഗീകാരം ലഭിക്കുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിനായി എ.ഐ.സി.ടി.ഇ യും എം.എച്ച് ആർ.ഡി യും വിഭാവനം ചെയ്യുന്ന രീതിയിലുള്ള "നാഷണൽ വൊക്കേഷണൽ എഡ്യുക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്" (എൻ.വി.ഇ.ക്യൂ.എഫ്) എന്ന പദ്ധതി പ്രകാരമുള്ള സാങ്കേതിക വിദ്യാഭ്യാസം സംസ്ഥാനത്തെ സർക്കാർ പോളിടെക്നിക്കുകളിലും, ടെക്നിക്കൽ ഹൈസ്കൂളുകളിലും നടപ്പിലാക്കാനുദ്ദേശിക്കുന്നു. വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് വൊക്കേഷണൽ എഡ്യുക്കേഷൻ രംഗത്ത്

സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകൾ എന്നിവ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 49 കോളേജുകളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്കോളർ സപ്പോർട്ട് പ്രോഗ്രാം, വാക്ക് വിത്ത് എ സ്കോളർ പ്രോഗ്രാം , സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (സി) | ഇതിനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ? | (സി) | ഉണ്ട്. കമ്മ്യൂണിറ്റി കോളേജുകൾ സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി 56 ലക്ഷം രൂപയുടെ ധനസഹായത്തിനുള്ള റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പദ്ധതികളായ കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം - 350 ലക്ഷം
സെന്റർ ഓഫ് എക്സലൻസ് ഓഫ് 10 കോളേജസ് - 900 ലക്ഷം
സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം -1000 ലക്ഷം
ട്രെയിനിംഗ് കോളേജുകൾ - 42.1 ലക്ഷം
എന്നിങ്ങനെ കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ